THE KCS NEWS

VOL-II, ISSUE 10 KNANAYA CATHOLIC SOCIETY OF CHICAGO December 31, 2010

Patron : Arch Bishop Rt. Rev. Dr. Mathew Moolakatt Spiritual Director : Rev. Fr. Abraham Mutholathu
President : Prof. Meyamma Vettikattu Secretary : Dr. Jose Thoompanal News Editor : Roy Chelamalayil

ക്നാനായ നൈറ്റ് പ്രൗഢഗംഭീരമായി

ക്നാനായ നൈറ്റ് 2010 മാർ ജോസഫ് പണ്ടാരശേരിൽ ഉദ്ഘാടനം ചെയ്യുന്നു

ചിക്കാഗോ: ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വാർഷികോത്സവമായ ക്നാനായ നൈറ്റ് മാതർ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വർണ്ണാഭമായ പരിപാടികളോടെ സംഘടിപ്പിച്ചു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ മുഖ്യാതിഥിയായിരുന്നു. ഡിസംബർ 4ന് ശനിയാഴ്ച വൈകുന്നേരം കെ.സി.എസ്. യുവജനോത്സവം ഒളിമ്പിംക്സ് എന്നിവയിൽ വിജയികളായവർക്കുള്ള സമ്മാനദാനത്തോടെയാണ് ചടങ്ങുകൾക്ക് തുടക്കം കുറിച്ചത്. ഇക്കൊല്ലത്തെ ഒളിംപിക്സ് ഓവറോൾ ട്രോഫി കരിങ്കുന്നം കൈപ്പുഴ ഫൊറോന ടീമാണ് നേടിയത്. 7.30ന് വിശിഷ്ടാതിഥികളെ അരുൺ നെല്ലാമറ്റത്തിന്റെ മേൽനോട്ടത്തിലുള്ള ചെണ്ട വാദ്യങ്ങളുടെ അകമ്പടിയോടെ വേദിയിലേക്ക് ആനയിച്ചു. കെ.സി.സി.എൻ.എ. ചിക്കാഗോ റീജിയണൽ വൈസ് പ്രസിഡണ്ട് അലക്സാണ്ടർ കൊച്ചുപുരയ്ക്കലും നാഷണൽ വുമൺസ് ഫോറം വൈസ് പ്രസിഡണ്ട് ഡെല്ല നെടിയകാലായും ചേർന്ന് വിശിഷ്ടാതിഥികളെ സദസിന് പരിചയപ്പെടുത്തി. ജിജി കുന്നത്തുകിഴക്കേതിന്റെ നേതൃത്വത്തിലുള്ള ഗായകസംഘത്തിന്റെ ഈശ്വര പ്രാർത്ഥനയെത്തുടർന്ന് സെക്രട്ടറി ജോസ് തുമ്പനാൽ സ്വാഗതവും ആശംസിച്ചു. കെ.സി.എസ്. പ്രസിഡണ്ട്

ശേഷം 7-ാം പേജിൽ

മാർ ജോസഫ് പണ്ടാരശേരി പിതാവിനെ കെസിഎസ്സ് ഭാരവാഹികൾ ആദരിക്കുന്നു.

പുതുവത്സരാഘോഷവും, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും ഡിസംബർ 31-ന്

വാർത്ത 6-ാം പേജിൽ

Executive Board
Meyamma Vettikkattu (President)
Ph:847-966-8780
John Pattapathy (Vice President)
Ph:847-312-7151
Jose Thoompanal (Secretary)
Ph: 630 335 1419/ 630 243 6272
Stephen Chollamapel (Joint Secretary)
Ph:847-772-4292
Ninal Mundaplakal(Treasurer)
Ph: 314-471-7427
Legislative Board
Tomy Ambenatt (Chairman)
Shajan Anithottam (Vice Chairman)
Finanace Committie
Nimmy Thuruthuveli (Chairman)
Anil Edukkuthara
Sunny Mundaplackal
Shibu Mulayanikunnel
Tomy Thekkanatt
Out-door Activities Committie
Mathew Meluvallil (Chairman)
Simon Mutam
Shibu Karikkal
Philip Panayaparampil
Romy Nedumchirayil
Sini Nedumthuruthy
Entertainment Committtie
James Thirunelliparampil (Chairman)
Chinnu Thottom (Vice chairman)
Anitha Panayaparambil
Gigi Kunnathukizhakkethil
Religious Affairs Committie
Mathias Pullapallil (Chairman)
Soy kuzhiparambil
Membership/ IT Committie
Teddy Muzhayanmakil(Chairman)
Thankachan Vettikkatt
Newsletter and Media Committie
Roy Chelamalayil (Editor)
John Karamyalil
Laison Board
Michael Maniparambil (Chairman)
Sunny Idiyalill (V. Chairman)
Philip Choottuvellil
Alex Paikatt
Johny Kottoor
Building Board
Stephan Kizhakkekkutt
Paulson Kulangara
National Council
Alexander Kuchupurackal
George Nellamattum
Nanacy Chakumkal
Sanjay Chootuvelil
Siby Kadalimattom
Simon Viruthykulangara
Thomas Kadiampally
Auditor
Mathew Maplett

കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

നോർത്ത് അമേരിക്കയിലെ ക്നാനായ സംഘടനകളിൽ ഏറ്റവും പ്രബലവും ശക്തവുമായ ചിക്കാഗോ കെ.സി.എസ് സംഘടനയിലേക്കു വാശിയേറിയ തെരഞ്ഞെടുപ്പ് തരംഗങ്ങൾ ഒഴിവാക്കിക്കൊണ്ടു തികച്ചും സമാധാനപരമായ ഐക്യവും സഹകരണവും സൃഷ്ടിച്ചുകൊണ്ടു കഴിഞ്ഞ രണ്ടു വർഷക്കാലം ചിക്കാഗോ കെ.സി.എസിന്റെ തേരുതെളിയിച്ച ഈ ഭരണസമിതിക്കു അഭിമാനകരമായ പ്രവർത്തന പാതയിലൂടെ സംഘടനയെ മുന്നോട്ടു നയിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

2010 ഡാളസ് കൺവൻഷനിൽ അംഗബലം കൊണ്ടു കലാകായിക രംഗങ്ങളിൽ ചിക്കാഗോയുടെ തനതായ വ്യക്തിമുദ്ര പതിപ്പിച്ചു കൊണ്ടു കൺവൻഷനിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത് ചിക്കാഗോ ക്നാനായ സമുദായത്തിന് സംഘടനയോടുള്ള സ്നേഹവും ആവേശവും തെളിയിക്കുവാൻ സാധിച്ചു. കഴിഞ്ഞ രണ്ടു വർഷക്കാലം കെ.സി.വൈ.എൽ-ന്റെ സജീവമായ സഹകരണത്തോടു കൂടി കെ.സി.എസ് നടത്തിയ ഗ്രാജുവേഷൻ പാർട്ടി നമ്മുടെ സമുദായത്തിലെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കോട്ടയം അതിരൂപതയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിനു വെളിയിൽ ആദ്യമായി ശതാബ്ദി ആഘോഷങ്ങളുടെ തുടക്കത്തിന് വേദി ഒരുക്കിയതു ചിക്കാഗോ കെ.സി.എസ്. ആണ്. കൂടാതെ നമ്മുടെ പിതാവ് മാർ ജോസഫ് പണ്ടാരശ്ശേരിയുടെ ശതാബ്ദിയുടെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസഫണ്ടിലേക്കു നല്ല ഒരു തുക സംഭാവന ചെയ്യുവാൻ നമുക്കു സാധിച്ചു.

ഔട്ട് ഡോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഒളിമ്പിക്സ്, പിക്നിക്ക്, ക്യാമ്പിംഗ് എന്നിവ വളരെ സജീവവും പുതുമയുള്ളതുമായിരുന്നു. എന്റർടെയ്ൻമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ യൂത്തുഫെസ്റ്റിവൽ, ക്നാനായ നൈറ്റ് എന്നിവ ഗുണമേന്മ കൊണ്ടും സാങ്കേതിക വിദ്യകൊണ്ടും പ്രശംസ പിടിച്ചുപറ്റി.

സമുദായാംഗങ്ങളുടെ സന്മാർഗ്ഗിക വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ഫാ. റോയി കടുപ്പിൽ നയിച്ച വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ ദമ്പതികൾക്കായുള്ള സെമിനാറും കെ.സി.വൈ.എൽ, യുവജനവേദി എന്നീ പോഷക സംഘടനയുടെയും നേതൃത്വത്തിൽ നടത്തിയ വിവിധ സെമിനാറുകളും വളരെ വിജ്ഞാനപ്രദവും വിജയകരവുമായിരുന്നു.

ഏതാണ്ട് പത്തു വർഷങ്ങളായി സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്ന യുവജനവേദിയെ സംഘടനയുടെ പോഷക സംഘടനയാക്കി മാറ്റിക്കൊണ്ടു നാട്ടിൽ നിന്നും കുടിയേറിയ യുവജനങ്ങളുടെ പ്രവർത്തന മേഖല വികസിപ്പിക്കുന്നതിനും അവരുടെ വ്യക്തിത്വ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും സാധിച്ചു. അതുപോലെ കിഡ്സ് ക്ലബും, കെ.സി.ജെ.എൽ-ലും ഓരോ മാസങ്ങളിലും ഒരുമിച്ചു നടത്തിയ മീറ്റിംഗുകൾ കുട്ടികൾക്കു വിജ്ഞാനവും ആഹ്ലാദവും പകരുന്നതായിരുന്നു. കുട്ടികൾ തമ്മിൽ പരസ്പരം അറിയുന്നതിനും ശക്തമായ സ്നേഹബന്ധങ്ങൾ സൃഷ്ടിക്കുന്നതിലും കുട്ടികളുടെ മനസ്സിൽ സമുദായത്തിന്റെ അടിത്തറ പാകുവാൻ സാധിക്കുന്നതിനും തങ്ങളുടെ കുട്ടികളുമായി ഒരുമിച്ചു സഹകരിക്കുകയും ചെയ്യുന്ന ഓരോ മാതാപിതാക്കളെയും പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിച്ചുകൊള്ളുന്നു.

ദേശീയ തലത്തിലും ആഗോള തലത്തിലും കെ.സി.എസ് സംഘടന പ്രതിനിധികൾ നേതൃപാടവം തെളിയിച്ചുകൊണ്ടും കെ.സി.സി.എൻ.എ പ്രസിഡണ്ട്, കെ.സി.ഡബ്ല്യു.എ വൈസ് പ്രസിഡണ്ട്, ആഗോള ക്നാനായ സംഘടനയിലേക്കു രണ്ടു പ്രതിനിധികൾ എന്നിങ്ങനെ ക്നാനായ സമുദായത്തിന്റെ നേതൃത്വനിരയുടെ കൊടുമുടിവരെ കടന്നു ചെല്ലുവാൻ ചിക്കാഗോ കെ.സി.എസിന് കഴിഞ്ഞിട്ടുണ്ട്.

ശേഷം 7-ാം പേജിൽ

NEWLY ELECTED BOARD MEMBERS FOR THE YEAR 2011 - 2012

Executive Board

President

Cyriac Koovakattil

Vice President

Binu Poothurayil

Secretary

Simon Muttathil

Joint secretary

Mathias Pullappallil

Treasurer

Jomon Thodukayil

National Council Members

Nimi Thuruthuvelil

Shiju Philip Cheriyathil



Raju Kurian Enchenattil

Chinu Thottam

Shaji Palliveetil

Legislative Board Members

Vipin Chalumkal

Tinu Paranjattu

Deepu Kandarapalliyil

George Chakkalathottiyil

Jose Chacko Oliyanikal

Nellamattom Arun

Sajan Modiyoorkunnel

Sijo Kulathil Karottu

Tomy Nediyakalayil

Zacharia Chelackal

ക്നാനായ നെറ്റ് ചിത്രങ്ങളിലൂടെ

ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ

മാർ ജോസഫ് പണ്ടാരശ്ശേരിൽ (ഉദ്ഘാടനം)

പ്രൊഫ. മേയമ്മ വെട്ടിക്കാട്ട് (പ്രസിഡണ്ട്)

മോൺ. അബ്രാഹം മുത്തോലത്ത്

ഫാ. ജോസ് ഇല്ലിക്കുന്നും പുറത്ത്

ജോർജ് നെല്ലാമറ്റം (കെ.സി.സി.എൻ.എ പ്രസിഡണ്ട്)

സിറിയക് കൂവക്കാട്ടിൽ

റോയി ചേലമലയിൽ

ജെയിംസ് തിരുനെല്ലിപ്പറമ്പിൽ

ചിന്നു തോട്ടം

ഡോ. ജോസ് തുമ്പനാൽ

സ്റ്റീഫൻ ചൊള്ളമ്പേൽ



ഡെല്ലാ നെടിയകാലായിൽ (നാഷണൽ വിമെൻസ് ഫോറം), അലക്സാണ്ടർ കൊച്ചുപുരയ്ക്കൽ (ആർ.വി.പി)

ഷാരോൺ പിള്ളവീട്ടിൽ (റണ്ണർഅപ്പ്)

ബ്രിട്ട്നി ചൂട്ടുവേലിൽ (റണ്ണർഅപ്പ്)

സോനാ കദളിമറ്റം (കലാതിലകം)

പ്രസിഡണ്ട് പ്രൊഫ. മേയമ്മ വെട്ടിക്കാട്ടിൽനിന്നും ആദ്യകോപ്പി സ്വീകരിച്ചുകൊണ്ട് മാർ ജോസഫ് പണ്ടാരശ്ശേരിൽ സ്മരണിക-2010 പ്രകാശനം ചെയ്യുന്നു.

ഒളിംപിക്സ് ഓവറോൾ ട്രോഫി കരിങ്കുന്നം കൈപ്പുഴ ഫൊറോന ടീം നേടി

കലാസന്ധ്യ ഗ്രാന്റ് ഫിനാലെ

asianet
news

പുതുവത്സരാഘോഷവും, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും ഡിസംബർ 31-ന്

ക്നാനായ കാത്തലിക്ക് സൊസൈറ്റിയുടെ പുതുവത്സരാഘോഷം ഡിസംബർ 31-ന് കെസിഎസ്സ് കമ്മ്യൂണിറ്റി സെന്ററിൽവച്ച് വൈവിധ്യമാർന്ന പരിപാടികളോടെ നടത്തപ്പെടുന്നതാണ്. രാത്രി 9 മണിക്ക് കെസിഎസ്സ് പ്രസിഡന്റ് പ്രൊഫ. മേയമ്മ വെട്ടിക്കാടിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ കെസിഎസ്സ് സ്പിരിച്ചൽ ഡയറക്ടർ മോൺ. അബ്രഹാം മുത്തോലത്ത് പുതുവർഷാഘോഷങ്ങളുടെ ഉദ്ഘാടന കർമ്മം നിർവഹിക്കും. 2011-2012 ലേക്കുള്ള പുതിയ കെസിഎസ്സ് ഭരണ സമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞയും തദവസരത്തിൽ നടക്കുന്നതാണ്. ലെയ്സൺ ബോർഡ് ചെയർമാൻ മൈക്കിൾ മാണിപറമ്പിൽ സത്യപ്രതിജ്ഞാവാചകം നിയുക്ത ഭരണസമിതി അംഗങ്ങൾക്ക് ചൊല്ലിക്കൊടുക്കും.തുടർന്ന് യുവജനവേദി, കെസിവൈഎൽ അംഗങ്ങൾ പുതുവർഷത്തെ വരവേറ്റുകൊണ്ട് അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന കലാസന്ധ്യ അരങ്ങേറും. തദവസരത്തിൽ കെസിഎസ്സ് സുവനീർ (സ്മരണിക 2010) വിതരണം ചെയ്യുന്നതാണ്.

കെസിഎസ്സ് എക്സിക്യൂട്ടിവ് അംഗങ്ങളായ പ്രൊഫ. മേയമ്മ വെട്ടിക്കാട്ട്, ജോൺ പാട്ടപ്പതി, ജോസ് തൂമ്പനാൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, നിണൽ മുണ്ടപ്ലാക്കിൽ കൂടാതെ സിറിയക്ക് കുവക്കാട്ടിൽ, ബിനു പൂത്തുറയിൽ നയിക്കുന്ന നിയുക്ത കെസിഎസ്സ് ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നൽകും.



2-ാം പേജ് തുടർച്ച....

കഴിഞ്ഞ രണ്ടു വർഷക്കാലം കെ.സി.എസിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച എല്ലാ കമ്മിറ്റി അംഗങ്ങൾക്കും ലെജിസ്ലേറ്റീവ് ബോർഡ്, ലെയ്സൺ ബോർഡ് എന്നിവർക്കും എല്ലാ പോഷക സംഘടനാഭാരവാഹികൾക്കും പ്രത്യേകമായി നന്ദി പറയുന്നു. സംഘടനയുടെ എല്ലാ പ്രവർത്തനങ്ങളുടെയും വാർത്ത, റിപ്പോർട്ടുകൾ തയ്യാറാക്കുകയും ജനങ്ങളിലെത്തിച്ച ചിക്കാഗോയിലെ പത്രമാധ്യമങ്ങൾക്കും ഫോട്ടോ, വീഡിയോ, സൗണ്ട് സിസ്റ്റം കൈകാര്യം ചെയ്തിരുന്ന എല്ലാ സാങ്കേതിക വിദഗ്ദ്ധർക്കും പ്രത്യേകം നന്ദി അറിയിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു. അതുപോലെതന്നെ മാസങ്ങളായി കെ.സി.എസ് "സ്മരണിക 2010" വേണ്ടി പ്രവർത്തിക്കുന്ന എഡിറ്റോറിയൽ ബോർഡിനും ഈയവസരത്തിൽ നന്ദി പറയുന്നു.

മുമ്പ് സൂചിപ്പിച്ചതുപോലെ തന്നെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടു കടന്നുവന്നിരിക്കുന്ന കെ.സി.എസ് പുതിയ ഭരണസമിതിയംഗങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

കഴിഞ്ഞ നാളുകളിൽ നിങ്ങൾ നല്കിയ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും അഭിപ്രായങ്ങളും പ്രതിഷേധങ്ങളും ഞങ്ങൾക്കു വഴികാട്ടിയായി, സംഘടനയുടെ വളർച്ചയെ ശക്തമാക്കും വിധം താങ്ങുംതണലുമായി അതുമാറി. ഞങ്ങളുടെ ഏതാവശ്യങ്ങളിലും സഹായഹസ്തവുമായി നില കൊണ്ടിട്ടുള്ള നിരവധി സ്പോൺസേഴ്സ്, സമുദായത്തിലെ പ്രഗത്ഭരായ വ്യക്തികളെയും അംഗീകരിക്കുവാനും ആദരിക്കുവാനും അവസരം ലഭിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

ഒരിക്കൽകൂടി എല്ലാ നല്ല മനസ്സുകൾക്കും ഇന്നലെകളിൽ നൽകിയ പ്രോത്സാഹനത്തിനും നന്ദി പറയുന്നതിനോടൊപ്പം പുതുപുതു ചിന്തകളും പുത്തൻ പ്രതീക്ഷകളുടെ സഫലീകരണത്തിനായി കാത്തിരിക്കുന്ന നിങ്ങൾക്കു സന്തോഷകരമായ ക്രിസ്മസ് മംഗളങ്ങളും പുതുവത്സരവും ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

കെ.സി.എസ്. എക്സിക്യൂട്ടീവ്.

ക്നാനായ നൈറ്റ് തുടർച്ച....

പ്രൊഫ. മേയമ്മ വെട്ടിക്കാടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മാർ ജോസഫ് പണ്ടാരശേരിൽ ക്നാനായ നൈറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

അതിരൂപതയിൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആർക്കും ഉന്നത വിദ്യാഭ്യാസം നഷ്ടമാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന ശതാബ്ദി വിദ്യാഭ്യാസ സഹായ ഫണ്ടിന് പരമാവധി പ്രോത്സാഹനം പ്രവാസി ക്നാനായ സമൂഹം നൽകണമെന്ന് അഭ്യർത്ഥിച്ചു. ചിക്കാഗോ ക്നാനായ റീജിയണൽ വികാരി ജനറാളും കെ.സി.എസ്. സ്പിരിച്വൽ ഡയറക്ടറുമായ മോൺ. അബ്രാഹം മുത്തോലത്ത്, കെ.സി.സി.എൻ.എ. പ്രസിഡണ്ട് ജോർജ് നെല്ലാമറ്റം, ഫാ. ജോസ് ഇല്ലിക്കുന്നുംപുറത്ത്, നിയുക്ത കെ.സി.എസ്. പ്രസിഡണ്ട് സിറിയക് കൂവക്കാട്ടിൽ എന്നിവർ ആശംസകളർപ്പിച്ചു. ചിക്കാഗോ കെ.സി.എസ്. പുറത്തിറക്കുന്ന സുവനീറിന്റെ സ്മരണിക (2010) പ്രകാശനം മാർ ജോസഫ് പണ്ടാരശേരിൽ നിർവഹിച്ചു. ഡാളസ് കൺവൻഷൻ കലാപ്രതിഭാ പോൾ എടാട്ട്, കെ.സി.എസ്. കലാതിലകം സോന കദളിമറ്റം, റണ്ണറപ്പ് ഷാരോൺ പിള്ളവീട്ടിൽ, ബ്രിട്നി ചൂട്ടുവേലിൽ എന്നിവരെ ട്രോഫികൾ നൽകി ചടങ്ങിൽ ആദരിച്ചു. നവദമ്പതിമാരേയും വിവാഹജീവിതത്തിൽ 50-ാം വാർഷികം പിന്നിട്ടവരേയും പ്രത്യേകം ആദരിച്ചു. കെ.സി.എസ്. അംഗങ്ങളായ നാൽപതോളം പേർക്ക് കെ.സി.എസ്. നൽകുന്ന അപ്രീസിയേഷൻ അവാർഡുകൾ ചടങ്ങിൽ കൊച്ചുപിതാവ് വിതരണം ചെയ്തു. മെത്രാഭിഷേകത്തിന്റെ നാലാം വാർഷികം ആഘോഷിക്കുന്ന മാർ ജോസഫ് പണ്ടാരശേരിൽ പിതാവിനെയും ചടങ്ങിൽ ആദരിച്ചു. തുടർന്ന് കോട്ടയം അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ നിധിയിലേക്ക് മുപ്പതിൽപരം കുടുംബാംഗങ്ങൾ അവരുടെ സംഭാവനകൾ കൊച്ചുപിതാവിന് കൈമാറി. ചിക്കാഗോ നഗരത്തിൽ ശനിയാഴ്ച അനുഭവപ്പെട്ട കൊടും മഞ്ഞുവീഴ്ചയുടെ ഫലമായുണ്ടായ യാത്രാ തടസങ്ങൾ മറികടന്നു ധാരാളം ക്നാനായക്കാർ കലാസന്ധ്യയിൽ പങ്കെടുക്കുവാൻ എത്തിയത് ശ്രദ്ധേയമായി. റോയി ചേലമലയിൽ പരിപാടിയുടെ എം.സി. ആയിരുന്നു. ജോയിന്റ് സെക്രട്ടറി സ്റ്റീഫൻ ചൊള്ളമ്പേൽ നന്ദി പറഞ്ഞു. കെ.സി.എസ്. കലാപ്രതിഭകൾ അവതരിപ്പിച്ച നൃത്തങ്ങളോടെ കലാസന്ധ്യക്ക് തുടക്കം കുറിച്ചു. 2 മണിക്കൂർ ദൈർഘ്യമുള്ള നോൺസ്റ്റോപ്പ് പ്രോഗ്രാം കൊറിയോഗ്രാഫ് ചെയ്തത് ഡോ. കർത്തയും ബാക്ക് പ്രൊജക്ഷൻ നിർവഹിച്ചത് സിബി മംഗലത്തുമാണ്. എ.ഡി. 345 കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ ക്നാനായ ആചാര്യൻ ക്നായി തൊമ്മന്റെ നേതൃത്വത്തിലുള്ള ക്നാനായ കുടിയേറ്റത്തിനു ശേഷം ഭാവിയിൽ ഉപ്രഗ്രഹങ്ങളെ ലക്ഷ്യമാക്കി മറ്റൊരു കുടിയേറ്റത്തിന്റെ ഭാവനാവിഷ്കാരം വേദിയിൽ അവതരിപ്പിച്ചത് സദസിനെ വിസ്മയഭരിതമാക്കി.

വർണ്ണങ്ങൾ പീലിവിടർത്തിയ നയനമനോഹരമായ ദൃശ്യാവതരണങ്ങളാലും ശ്രവണസുഖം പകരുന്ന ശബ്ദ സംവിധാനങ്ങളുടെ സാങ്കേതിക വിദ്യകൊണ്ടും അവതരണം പ്രൗഢഗംഭീരമായി. സി. സേവ്യർ, സി. അനുഗ്രഹ, സി. ജസ്റീന, കെ.സി.എസ്. ലെയ്സൺ ബോർഡ് ചെയർമാൻ മൈക്കിൾ മാണിപറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ റ്റോമി അമ്പേനാട്ട് എന്നിവർ വിശിഷ്ടാതിഥികളായി പരിപാടിയിൽ പങ്കെടുത്തു. കെ.സി.എസ്. എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രൊഫ. മേയമ്മ വെട്ടിക്കാട്ട്, ജോൺ പാട്ടപാതി, ജോസ് തൂമ്പനാൽ, സ്റ്റീഫൻ ചൊള്ളമ്പേൽ എന്നിവരോടൊപ്പം കലാപരിപാടികളുടെ കോ-ഓർഡിനേറ്റേഴ്സായ ജെയിംസ് തിരുനെല്ലിപ്പറമ്പിലും ചിന്നു തോട്ടവും സുവനീർ കമ്മിറ്റിയംഗങ്ങളായ ജോണിക്കുട്ടി പിള്ളവീട്ടിൽ, ജോൺ കരമാലിൽ, ഷാജൻ ആനിത്തോട്ടം, ജോർജ് തോട്ടപ്പുറം, കെ.സി.എസ്. പോഷകസംഘടനാഭാരവാഹികൾ ബോർഡ് അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

For booking KCS Community Center for your all family celebrations. *Please contact:*
Stephen Chollampel: 847.772.4292
John Pattapathy: 847-312-7151

Great Discount
Rent only $500.00

Grace Printing 773.465.5300

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630

ADDRESS CORRECTION REQUESTED